എ.വൈ.ആർ

സൂറ-12

# യൂസുഫ്

قَالَتْ فَذَٰلِكُنَّ ٱلَّذِى لُمْتُنَّنِى فِيهِ ۖ وَلَقَدْ رَٰوَدتُّهُۥ عَن نَّفْسِهِۦ فَٱسْتَعْصَمَ ۖ
وَلَئِن لَّمْ يَفْعَلْ مَآ ءَامُرُهُۥ لَيُسْجَنَنَّ وَلَيَكُونًا مِّنَ ٱلصَّٰغِرِينَ ﴿٣٢﴾

قَالَ رَبِّ ٱلسِّجْنُ أَحَبُّ إِلَىَّ مِمَّا يَدْعُونَنِىٓ إِلَيْهِ ۖ وَإِلَّا تَصْرِفْ عَنِّى كَيْدَهُنَّ
أَصْبُ إِلَيْهِنَّ وَأَكُن مِّنَ ٱلْجَٰهِلِينَ ﴿٣٣﴾

فَٱسْتَجَابَ لَهُۥ رَبُّهُۥ فَصَرَفَ عَنْهُ كَيْدَهُنَّ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٣٤﴾

ثُمَّ بَدَا لَهُم مِّنۢ بَعْدِ مَا رَأَوُا۟ ٱلْءَايَٰتِ لَيَسْجُنُنَّهُۥ حَتَّىٰ حِينٍ ﴿٣٥﴾

32 അപ്പോൾ പ്രഭുപത്നി പ്രസ്താവിച്ചു: ഇതാ, ഇവന്റെ പേരിലാണ് നിങ്ങളെന്നെ ആക്ഷേപിച്ചത്. തീർച്ചയായും ഞാനവനെ മോഹിച്ചിട്ടുണ്ട്. പക്ഷേ, അവൻ വഴങ്ങിയില്ല. എന്നാൽ ഞാനാവശ്യപ്പെടുന്നത് ചെയ്തില്ലെങ്കിൽ അവൻ കാരാഗൃഹത്തിലടക്കപ്പെടുകയും നിന്ദിതനായിത്തീരുകയും തന്നെ ചെയ്യും.

33 യൂസുഫ് പ്രാർഥിച്ചു: എന്റെ നാഥാ ഇക്കൂട്ടർ ആവശ്യപ്പെടുന്ന സംഗതിയെക്കാൾ എനിക്കേറ്റമിഷ്ടം കാരാഗൃഹമാകുന്നു. ഇവരുടെ കുതന്ത്രങ്ങൾ നീ എന്നിൽനിന്നു തിരിച്ചു വിടുന്നില്ലെങ്കിൽ ഞാനവരിൽ ആകൃഷ്ടനായിപ്പോവുകയും അവിവേകിയായിത്തീരുകയും ചെയ്യും.

34 നാഥൻ അദ്ദേഹത്തിന്റെ പ്രാർഥന കേട്ടു. ആ സ്ത്രീകളുടെ കുതന്ത്രങ്ങൾ അവൻ അദ്ദേഹത്തിൽനിന്നു തിരിച്ചുവിട്ടു. തീർച്ചയായും എല്ലാം കേൾക്കുന്നവനും അറിയുന്നവനും തന്നെയാണവൻ.

35 പിന്നെ യൂസുഫിന്റെ നിരപരാധിത്വത്തിന്റെയും ആ സ്ത്രീകളുടെ അപരാധത്തിന്റെയും തെളിവുകൾ ബോധ്യപ്പെട്ട ശേഷവും അദ്ദേഹത്തെ കുറെ കാലം തടവിലിടുക തന്നെ വേണമെന്ന് അവർക്കുതോന്നി.

قَالَتْ = അവൾ പറഞ്ഞു(അപ്പോൾ പ്രഭുപത്നി പ്രസ്താവിച്ചു)

فَذَٰلِكُنَّ ٱلَّذِى لُمْتُنَّنِى فِيهِ = നിങ്ങൾ എന്നെ ആക്ഷേപിച്ചത് എന്തിലാണോ അത് ഇതാകുന്നു(ഇതാ, ഇവന്റെ പേരിലാണ് നിങ്ങൾ എന്നെ ആക്ഷേപിച്ചത്)

وَلَقَدْ رَٰوَدتُّهُۥ عَن نَّفْسِهِۦ = തീർച്ചയായും ഞാൻ അവനെ മോഹിച്ച് പ്രലോഭിച്ചിട്ടുണ്ട്

فَٱسْتَعْصَمَ = അപ്പോൾ അവൻ വലിയ സന്മാർഗനിഷ്ഠ, പാപമുക്തി പാലിച്ചു(പക്ഷേ അവൻ വഴങ്ങിയില്ല)

وَلَئِن لَّمْ يَفْعَلْ = (എന്നാൽ)അവൻ ചെയ്തില്ലെങ്കിൽ مَآ ءَامُرُهُۥ = ഞാൻ അവനോട് കൽപിക്കുന്നത്

لَيُسْجَنَنَّ = അവൻ കാരാഗൃഹത്തിലടക്കപ്പെടുക തന്നെ ചെയ്യും وَلَيَكُونًا = അവൻ ആയിത്തീരുകയും തന്നെ ചെയ്യും

مِنَ الصَّاغِرِينَ= നിന്ദിതരിൽപ്പെട്ടവൻ قَالَ= (അപ്പോൾ യൂസുഫ് പ്രാർഥിച്ചു) അവൻ പറഞ്ഞു رَبِّ= എന്റെ നാഥാ

السِّجْنُ= കാരാഗൃഹമാകുന്നു أَحَبُّ إِلَيَّ= എനിക്ക് ഏറ്റം ഇഷ്ടം

مِمَّا يَدْعُونَنِي إِلَيْهِ= (ഇക്കൂട്ടർ ആവശ്യപ്പെടുന്ന സംഗതിയെക്കാൾ) അതിനെക്കാൾ അവർ എന്നെ ക്ഷണിക്കുന്നത് എന്തിലേക്കാണോ

وَإِلَّا تَصْرِفْ عَنِّي= നീ എന്നിൽനിന്ന് തിരിച്ചു വിടുന്നില്ലെങ്കിൽ كَيْدَهُنَّ= അവരുടെ(പെണ്ണുങ്ങളുടെ) കുതന്ത്രങ്ങൾ

أَصْبُ= ഞാൻ ആകൃഷ്ടനാകും إِلَيْهِنَّ= അവരിലേക്ക് وَأَكُن= ഞാൻ ആയിത്തീരുകയും ചെയ്യും

مِّنَ الْجَاهِلِينَ= അവിവേകികളിൽ പെട്ടവൻ

فَاسْتَجَابَ لَهُ رَبُّهُ= (പ്രാർഥന കേട്ടു) അപ്പോൾ അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തിന് ഉത്തരം നൽകി

فَصَرَفَ عَنْهُ كَيْدَهُنَّ= അങ്ങനെ അവരുടെ കുതന്ത്രങ്ങളെ അദ്ദേഹത്തിൽനിന്ന് അവൻ തിരിച്ചുവിട്ടു

إِنَّهُ هُوَ= അവൻ തന്നെയാകുന്നു السَّمِيعُ= എല്ലാം കേൾക്കുന്നവൻ الْعَلِيمُ= എല്ലാം അറിയുന്നവ(നും)നായ

ثُمَّ= പിന്നെ بَدَا لَهُم= (തോന്നി) അവർക്ക് വെളിവായി

مِّن بَعْدِ مَا رَأَوُا الْآيَاتِ= (വും)ം ശേഷ തെളിവുകൾ ബോധ്യപ്പെട്ട (യൂസുഫിന്റെ നിരപരാധിത്വത്തിന്റെയും സ്ത്രീകളുടെ അപരാധത്തിന്റെയും)

لَيَسْجُنُنَّهُ= അദ്ദേഹത്തെ തടവിലിടുക തന്നെ വേണമെന്ന് حَتَّىٰ حِينٍ= (കുറെകാലം) ഒരു കാലയളവുവരെ

**32:** യൂസുഫിനെ കണ്ട് മോഹിച്ചു പോയതിൽ, തന്നെ കുറ്റപ്പെടുത്താൻ നാട്ടിലെ പെണ്ണുങ്ങൾക്കൊന്നും അർഹതയില്ലെന്നും നേരിൽ കണ്ടാൽ തന്നെക്കാൾ വേഗത്തിൽ ആ മോഹവലയത്തിൽ വീണുപോകുന്നവരാണവരൊക്കെയെന്നും എന്നാൽ മോഹസാക്ഷാത്കാരത്തിൽ തന്നെപ്പോലെ അവരും ദയനീയമായി തോറ്റുപോകുമെന്നും തെളിയിക്കുന്നതിൽ മുൻസൂക്തം പരാമർശിച്ച സംഭവത്തിലൂടെ പ്രഭു പത്നി വിജയിച്ചു. ആ വിജയം അവൾ തുറന്നു പ്രഖ്യാപിക്കുകയാണീ സൂക്തത്തിൽ. ഒപ്പം താനങ്ങനെ പെട്ടെന്ന് തോറ്റ് പിന്മാറാൻ വിചാരിക്കുന്നില്ലെന്നും തന്നെ ധിക്കരിച്ചുകൊണ്ട് ഇവിടെ വലിയ മാന്യനും സന്മാർഗനിഷ്ഠനുമായി വിലസാമെന്നു കരുതേണ്ടെന്നും യൂസുഫിനെ താക്കീതു ചെയ്യുകയും ചെയ്യുന്നു.

അവൾ പറയുന്നതിതാണ്: നിങ്ങളുടെ മുന്നിൽ നിൽക്കുന്ന പൗരുഷത്തിന്റെയും സൗന്ദര്യത്തിന്റെയും ഈ നിറകുടമാണ് യൂസുഫ്. ആ പൗരുഷകാന്തം നിങ്ങളെയും ആകർഷിക്കുന്നില്ലേ? നിങ്ങളും അവനെ കാമിക്കുന്നില്ലേ? അതുപോലെ തീർച്ചയായും ഞാനും കാമിച്ചിട്ടുണ്ട്. നിങ്ങളെപ്പോലെ ഞാനും അവനെ വശീകരിക്കുന്നതിൽ പരാജയപ്പെടുകയാണ്. എന്നാൽ ഞാൻ തോറ്റു പിന്മാറാനൊന്നും പോകുന്നില്ല. എന്നെ അനുസരിച്ചില്ലെങ്കിൽ അവൻ കാരാഗൃഹത്തിലടക്കപ്പെടുക തന്നെ ചെയ്യും. പിന്നെ, യജമാനപത്നിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ച നീചനും നികൃഷ്ടനുമായിട്ടായിരിക്കും അവൻ അറിയപ്പെടുക. അക്കാലത്ത് ഈജിപ്തിലെ വരേണ്യവർഗത്തിന്റെ പോലും സദാചാരനിലവാരം എത്ര പരിതാപകരമായിരുന്നുവെന്ന് കൂടി വ്യക്തമാക്കുന്നതാണ് പ്രഭുപത്നിയുടെയും സഖികളുടെയും ഈ നിലപാട്.

മൂലത്തിലെ إستعصم എന്ന ക്രിയ عَصَمَയിൽ നിന്നുള്ള ഉത്തമവാചിയാണ്. عصمയുടെ അർഥം നേരത്തെ വിശദീകരിച്ചിട്ടുണ്ട്. വിട്ടുവീഴ്ചയില്ലാതെ കർശനമായ സദാചാരനിഷ്ഠയും പാപത്തിൽനിന്നുള്ള സുരക്ഷിതത്വവും പാലിച്ചു എന്നാണിവിടെ വിവക്ഷ. തനിക്കു വഴങ്ങിയില്ലെങ്കിൽ ജയിൽ ശിക്ഷയനുഭവിക്കേണ്ടി വരും എന്ന പ്രഭുപത്നിയുടെ വാക്ക് യൂസുഫ്(അ) നേരിടാൻ പോകുന്ന മറ്റൊരു പരീക്ഷണത്തിന്റെ മുന്നറിയിപ്പാണ്. മറ്റെവിടെയുമെന്നപോലെ ഈജിപ്തിലും അക്കാലത്ത് അടിമകളുടെ മേൽ യജമാനന്മാർക്ക് അനിയന്ത്രിതമായ അധികാരമുണ്ടായിരുന്നു. അടിമകളെ മർദിക്കാനും ശിക്ഷിക്കാനും വേണമെങ്കിൽ കൊന്നുകളയാൻ വരെ യജമാനന്മാർക്ക് ആരുടെയും അനുവാദം ആവശ്യമുണ്ടായിരുന്നില്ല. യജമാനത്തി രാജ്യത്തെ ഉദ്യോഗസ്ഥ പ്രമുഖന്റെ ഭാര്യ കൂടിയാകുമ്പോൾ സ്വന്തം അടിമകളെ എങ്ങനെ വേണമെങ്കിലും ദ്രോഹിക്കാൻ അവർക്ക് നിഷ്പ്രയാസം സാധിക്കും. ഞാനവനെ ജയിലിലടക്കും എന്നതിനു പകരം 'അവൻ ജയിലിലടക്കപ്പെടും' -لَيُسْجَنَنَّ- എന്നു പറഞ്ഞത് ഈ ശിക്ഷ തന്റേതു മാത്രമല്ല തന്നെപ്പോലുള്ള എല്ലാ സ്ത്രീകളുടേതുമാകുന്നു എന്നു സൂചിപ്പിക്കുന്നു.

**33,34:** പ്രഭുപത്നി യൂസുഫിനെ പരിചയപ്പെടുത്തിയപ്പോൾ മറ്റു സ്ത്രീകളും പ്രഭുപത്നിക്കുവേണ്ടിയോ അല്ലെങ്കിൽ തങ്ങൾക്കുവേണ്ടിത്തന്നെയോ അദ്ദേഹത്തെ പ്രലോഭിപ്പിച്ചു. വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ തങ്ങളുടെ ആത്മഹത്യയും അദ്ദേഹത്തിന്റെ ജയിൽവാസവും ഭീഷണിപ്പെടുത്തി. ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീകൾ മുഴക്കുന്ന ആത്മഹത്യ ഭീഷണി വെറുമൊരടവാണെന്ന് ബുദ്ധിമാന്മാർ വേഗം തിരിച്ചറിയും. പിന്നെ ഒരടിമയെ തടവിലാക്കുക അവർക്ക് അനായാസം നടപ്പിലാക്കാവുന്ന കാര്യം തന്നെയാണ്. ഈ ഭീഷണികളോടുള്ള യൂസുഫിന്റെ പ്രതികരണം മനമുരുകിയ ഒരു പ്രാർഥനയായിരുന്നു: 'എന്റെ നാഥാ! ഇക്കൂട്ടരുടെ ആവശ്യത്തിനു വഴങ്ങി അസാന്മാർഗിക ബന്ധങ്ങൾക്ക് തയാറാകുന്നതിനെക്കാൾ എനിക്കെത്രയോ ഇഷ്ടം നിന്റെ സന്മാർഗ ശാസനക്കു വഴങ്ങി അതിന്റെ പേരിൽ കാരാഗൃഹവാസമനുഷ്ഠിക്കുന്നതാണ്. ഈ സ്ത്രീകളുടെ കുതന്ത്രങ്ങൾ എന്റെ ദൈവഭക്തിയെയും സന്മാർഗബോധത്തെയും ബാധിക്കാതെ നീ തിരിച്ചുവിടേണമേ! ഇല്ലെങ്കിൽ ഞാനവരുടെ കെണിയിൽ വീണുപോവുകയും അവിവേകിയായിത്തീരുകയും ചെയ്യും.' ഒരു വിശ്വാസി അധർമത്തിന്റെ സകലവിധ പ്രലോഭനങ്ങളെയും ഭീഷണികളെയും ചെറുത്തുനിൽക്കുകയും ആ മാർഗത്തിൽ ആജീവനാന്ത കാരാഗൃഹ പീഢനം ഏറ്റുവാങ്ങാൻ നിസ്സങ്കോചം തയാറാവുകയും ചെയ്തശേഷവും ശത്രുക്കളുടെ കുതന്ത്രങ്ങൾക്കു മുന്നിൽ പിടിവിട്ടുപോയേക്കുമോ എന്നാശങ്കിക്കുന്ന ഘട്ടത്തിൽ ഹൃദയാന്തരാളത്തിൽ നിന്നുയരുന്ന പ്രാർഥനയാണിത്. ഇത്തരം പ്രാർഥനകൾ അല്ലാഹു ഉടനടി സ്വീകരിക്കുന്നു. യൂസുഫ് നബിയുടെ

പ്രാർഥന അവൻ സ്വീകരിക്കുകയും ആ പൈശാചിക സ്ത്രീകളുടെ വലയിൽനിന്ന് അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു. തന്റെ ദാസന്മാരുടെ പ്രാർഥനകളെല്ലാം കേൾക്കുന്നവനും അവരുടെ ഹൃദയരഹസ്യങ്ങളെല്ലാം അറിയുന്നവനും തന്നെയാണവൻ, إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ.

**35:** ഇവിടെ പ്രസ്താവിക്കുന്ന ജയിൽവാസം യൂസുഫ് നബിക്ക്, മുൻസൂക്തം പരാമർശിച്ച സ്ത്രീകൾ വിധിച്ചതല്ലെന്ന്, مَا رَأَوُا- لَهُم എന്നീ വാക്കുകളിലെ പുല്ലിംഗ സർവനാമങ്ങൾ സൂചിപ്പിക്കുന്നു. പ്രഭ്വിയുടെ സൽക്കാര സംഭവം യൂസുഫ് -സുലൈഖാ ബന്ധം നാട്ടിൽ കൂടുതൽ ചർച്ചക്കിടയാക്കി. പ്രഭുകുടുംബം വല്ലാതെ അപകീർത്തിപ്പെട്ടു. പ്രശ്നം തങ്ങളുടെ സ്ത്രീകളെ കൂടി മലിനപ്പെടുത്തിയേക്കുമെന്ന് മറ്റ് ഉന്നതന്മാരും ആശങ്കിച്ചിരിക്കണം. ഈ സാഹചര്യത്തിൽ പ്രഭുവും കുടുംബവും മറ്റു പ്രമുഖന്മാരും അതിനൊരു പരിഹാരമാർഗമാലോചിച്ചു. നടന്ന സംഭവത്തിൽ യൂസുഫ് പൂർണ നിരപരാധിയാണെന്നും കുറ്റം മുഴുവൻ സ്ത്രീകളുടേതാണെന്നുമുള്ളതിന്റെ തെളിവുകൾ എല്ലാവർക്കും ബോധ്യപ്പെട്ടിരുന്നു. പക്ഷേ, അതു പുറത്തു പറയാൻ പറ്റില്ലല്ലോ, തങ്ങളുടെ അഭിമാനം സംരക്ഷിക്കാൻ സുലൈഖ നിരപരാധിനിയും യൂസുഫ് അപരാധിയുമാണെന്ന ധാരണ പരത്തുകയാണ് ഏറ്റം എളുപ്പമുള്ള മാർഗമെന്ന് അവർ കണ്ടെത്തി. കുറച്ചുകാലം അയാളെപ്പിടിച്ചു ജയിലിലടക്കാം. കാലക്രമത്തിൽ പ്രഭുപത്നിക്കും മറ്റും അയാളോടുള്ള ഭ്രമം മാഞ്ഞുപൊയ്ക്കൊള്ളും. അതിനിടെ ജനങ്ങളും ഈ കഥയൊക്കെ മറക്കും. അപ്പോൾ നമുക്കയാളെ ജയിൽമുക്തനാക്കാം. ഇതായിരുന്നു അവരുടെ തീരുമാനം. തീരുമാനിക്കുന്നത് രാജ്യത്തെ ഉദ്യോഗസ്ഥ പ്രമുഖന്മാരും യൂസുഫ് ഒരടിമയുമായിരുന്നതിനാൽ അതു നടപ്പിലാക്കാൻ അവർക്ക് യാതൊരു പ്രയാസവുമുണ്ടായില്ല.

അങ്ങനെ യൂസുഫ് നബിയുടെ ജീവിതം പുതിയൊരു പരീക്ഷണഘട്ടത്തിലേക്കു പ്രവേശിച്ചു. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം താൻ മുമ്പ് നേരിട്ടതിനെക്കാൾ ലഘുതരവും ദൈവവിശ്വാസത്തിന്റെയും സദാചാരത്തിന്റെയും സംരക്ഷണാർഥം ഒരു ഘട്ടത്തിൽ താൻ തന്നെ കൊതിച്ചതുമായിരുന്നു ഈ പരീക്ഷണം. സൂക്ഷ്മ നിരീക്ഷണത്തിൽ ഇവിടെയും അല്ലാഹുവിന്റെ അദൃശ്യ ഹസ്തങ്ങൾ പ്രവർത്തിച്ചതു കാണാം. ഒരടിമ എന്ന നിലയിൽ യൂസുഫിനെ കൊന്നു കളയുകയോ ഈജിപ്തിൽനിന്ന് നാടുകടത്തുകയോ ചെയ്യാൻ ആ യജമാനന്മാർക്ക് യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹത്തെ ഈജിപ്തിൽ തന്നെ വസിപ്പിക്കാനും പല മഹദ് ദൗത്യങ്ങളും ഏൽപിക്കാനും അല്ലാഹു നിശ്ചയിച്ചിരുന്നു. അതുകൊണ്ടാണ് യജമാനന്മാരുടെ ചിന്ത അത്തരം ആത്യന്തിക നടപടികളിലേക്ക് തിരിയാതെ കുറച്ചുകാലത്തേക്കുള്ള -حَتَّىٰ حِينٍ- ജയിൽ വാസത്തിലൊതുങ്ങിയത്. അദ്ദേഹത്തിന്റെ നിരപരാധിത്വത്തിന്റെ അനിഷേധ്യമായ തെളിവുകളും പ്രഭുവിന് അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹവും അതിനു നിമിത്തമായിട്ടുണ്ടാവാം. ■